# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4347 — 17.12.2014 ൽ മറുപടിക്ക്

## കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പ്രഖ്യാപിച്ചിട്ടുള്ള ട്രോമാ കെയർ എന്ന് മുതൽ പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്താമാക്കാമോ ? | (എ) ഭൗതിക സാഹചര്യങ്ങളും ഇതിനാവശ്യമായ ഉപകരണങ്ങളും മനുഷ്യവിഭവശേഷിയും ലഭ്യമാകുന്ന മുറയ്ക്ക് ട്രോമാകെയർ പ്രവർത്തിച്ചു തുടങ്ങും. |
| (ബി) എന്തെല്ലാം സംവിധാനങ്ങളാണ് ട്രോമാ കെയർ സ്ഥാപിത മാവുന്നതോടെ നിലവിൽ വരിക എന്ന് വിശദമാക്കാമോ? എത്ര രൂപയാണ് ഈ പദ്ധതിയ്ക്ക് നീക്കിവെച്ചിട്ടുള്ളത്? ഇതിനകം നടന്നിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം? വിശദമാക്കാമോ? | (ബി) 24 മണിക്കൂർ ഓപ്പറേഷൻ തിയേറ്റർ, എക്സ്റേ, സ്കാൻ, ഐ.സിയു, ലാബ്, അത്യാഹിത വിഭാഗം, വാർഡ് എന്നീ സംവിധാനങ്ങൾ നിലവിൽ വരുകയും ഏതുതരം അത്യാഹിതത്തിൽപ്പെട്ടു വരുന്ന രോഗികൾക്കും പരിപൂർണ്ണ ചികിത്സ ലഭ്യമാക്കുവാനും കഴിയും.<br>2012-2013 സാമ്പത്തിക വർഷത്തിൽ പത്തു സ്ഥാപനങ്ങളിൽ ട്രോമാകെയർ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി 200 ലക്ഷത്തിന്റെ ഭരണാനുമതി നല്കുകയും അതിൽ നിന്നും താലൂക്കാശുപത്രി കൊയിലാണ്ടിക്കുവേണ്ടി 20 ലക്ഷം മാറ്റിവച്ച് ആയതിൽനിന്ന് 15 ലക്ഷം രൂപ സിവിൽ ജോലികൾക്കു വേണ്ടി മുൻസിപ്പാലിറ്റിക്കു കൈമാറുകയും 5 ലക്ഷത്തിന് ഉപകരണങ്ങൾ KMSCL വഴി വാങ്ങി നല്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ